## ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി

ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ, പൈനാവ്.പി.ഒ

കുയിലിമല, പിൻ - 685603

ഇമെയിൽ : deoidk@gmail.com

ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100


Break the Chain

---

**ജില്ലാ കലക്ടർ & ചെയർപേഴ്സൺ**

**ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**

**(ഹാജർ: ഷീബ ജോർജ്ജ് ഐ എ എസ്)**

വിഷയം: ദുരന്തനിവാരണം - കൊവിഡ് - 19 - രോഗവ്യാപനം തടയുന്നതിനുള്ള നടപടികൾ — പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (WIPR) അടിസ്ഥാനത്തിൽ കർശന ലോക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1. സ.ഉ(സാധാ) നം. 530/2021/ഡി.എം.ഡി തീയതി 17.07.2021.
2. സ.ഉ(സാധാ) നം. 564/2021/ഡി.എം.ഡി തീയതി 04.08.2021.
3. സ.ഉ(സാധാ) നം. 571/2021/ഡി.എം.ഡി തീയതി 07.08.2021.
4. സ.ഉ(സാധാ) നം. 575/2021/ഡി.എം.ഡി തീയതി 10.08.2021.
5. സ.ഉ(സാധാ) നം. 584/2021/ഡി.എം.ഡി തീയതി 27.08.2021.
6. സ.ഉ(സാധാ) നം. 585/2021/ഡി.എം.ഡി തീയതി 28.08.2021.
7. സ.ഉ(സാധാ) നം. 591/2021/ഡി.എം.ഡി തീയതി 03.09.2021.
8. സ.ഉ(സാധാ) നം. 593/2021/ഡി.എം.ഡി തീയതി 04.09.2021.
9. സ.ഉ(സാധാ) നം. 605/2021/ഡി.എം.ഡി തീയതി 07.09.2021.
10. സ.ഉ(സാധാ) നം. 617/2021/ഡി.എം.ഡി തീയതി 10.09.2021.
11. സ.ഉ(സാധാ) നം. 643/2021/ഡി.എം.ഡി തീയതി 18.09.2021.
12. സ.ഉ(സാധാ) നം. 659/2021/ഡി.എം.ഡി തീയതി 18.09.2021.
13. സ.ഉ(സാധാ) നം. 669/2021/ഡി.എം.ഡി തീയതി 2.10.2021.
14. ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ന്റെ 16.10.2021 ലെ ഇ-മെയിൽ സന്ദേശം.

**ഉത്തരവ് നമ്പർ DCIDK/2584/2021 – DM1 തീയതി: 16-10-2021**

കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ആകെ പ്രഖ്യാപിച്ചിട്ടുള്ള ലോക്ഡൗണിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ/ ഇളവുകൾ സംബന്ധിച്ച് പരാമർശം സർക്കാർ ഉത്തരവുകൾ പ്രകാരം പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (WIPR) 10 ൽ കൂടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ (ഗ്രാമപഞ്ചായത്ത്/നഗരസഭാ വാർഡുകൾ) കർശന ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ഉത്തരവായിട്ടുണ്ട്.

10/10/2021 മുതൽ 16/10/2021 വരെയുള്ള തീയതികളിൽ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട WIPR ന്റെ അടിസ്ഥാനത്തിൽ, WIPR നിരക്ക് 10 ൽ കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ വിവരങ്ങൾ കർശന ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി പരാമർശം (14) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ലഭ്യമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 16/10/2021 അടിസ്ഥാനമാക്കി കഴിഞ്ഞ ഒരാഴ്ചയിൽ റിപ്പോർട്ട്

പ്രാബല്യത്തിലുള്ള ലോക്ഡൗൺ നിയന്ത്രണങ്ങൾ/ ഇളവുകൾ ചുവടെ ചേർക്കുന്നു.

1. കടകൾ, കമ്പോളങ്ങൾ, ബാങ്കുകൾ, ഓഫീസുകൾ, ധനകാര്യസ്ഥാപനങ്ങൾ, ഫാക്ടറികൾ, വ്യാവസായിക സ്ഥാപനങ്ങൾ, തുറന്ന ടൂറിസ്റ്റ് ഇടങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് തുറന്നു പ്രവർത്തിക്കാവുന്നതാണ്. എല്ലാ കടകളും വിനോദസഞ്ചാരകേന്ദ്രങ്ങളും മറ്റു സ്ഥാപനങ്ങളും അവിടുത്തെ ജീവനക്കാർ വാക്സിനേഷൻ സ്വീകരിച്ചത് സംബന്ധിച്ചുള്ള വിവരങ്ങളും ഒരേ സമയം പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദനീയമായ ഉപഭോക്താക്കളുടെ എണ്ണം സംബന്ധിച്ചുള്ള വിവരങ്ങളും പ്രദർശിപ്പിക്കേണ്ടതാണ്. അത്തരം സ്ഥാപനങ്ങൾക്ക് അകത്തും പുറത്തും തിരക്കും ആൾക്കൂട്ടവും ഒഴിവാക്കേണ്ടത് പ്രസ്തുത സ്ഥാപന ഉടമയുടെ ഉത്തരവാദിത്തം ആയിരിക്കും. ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് ഏജൻസികൾ പരിശോധനകൾ നടത്തുകയും ആവശ്യമായ നടപടി എടുക്കുകയും ചെയ്യേണ്ടതാണ്.
2. സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങിയ പൊതുമേഖലയിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതാണ്.
3. ആൾക്കൂട്ടങ്ങൾ ഒഴിവാക്കുന്നതിനായി കടകൾ രാവിലെ 7 മണി മുതൽ വൈകുന്നേരം 9:00 മണിവരെ തുറന്ന് പ്രവർത്തിക്കാവുന്നതാണ്. കടകൾക്കുള്ളിലെ ഷോപ്പിംഗ് ഏരിയ അടിസ്ഥാനപ്പെടുത്തി മാത്രമേ ആളുകളെ പ്രവേശിപ്പിക്കാവൂ (25 ചതുരശ്ര അടിക്ക് ഒരാൾ എന്ന കണക്കിൽ).
4. എല്ലാ യാത്രാ വാഹനങ്ങളും (പൊതു/ സ്വകാര്യ ഉടമസ്ഥതയിലുള്ളവ) കർശനമായ കോവിഡ്-19 പ്രോട്ടോകോൾ പാലിച്ചുകൊണ്ട് അനുവദിക്കാവുന്നതാണ്.
5. എല്ലാ മത്സരപ്പരീക്ഷകളും/ റിക്രൂട്ട്മെന്റ് പരീക്ഷകളും/ സർവകലാശാല പരീക്ഷകളും/ സ്പോർട്സ് ട്രയൽസും അനുവദിക്കാവുന്നതാണ്.
6. ജില്ലാ ദുരന്തനിവാരണ അതോറിറ്റി കണ്ടെയ്ൻമെന്റ് സോണുകൾ ആയി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ നിന്നും അത്യാവശ്യ സാഹചര്യങ്ങളിൽ അല്ലാതെ ആളുകൾ പുറത്തിറങ്ങുന്നില്ല എന്നും, പ്രസ്തുത സ്ഥലങ്ങളിലേക്ക് ആളുകൾ പ്രവേശിക്കുന്നില്ല എന്നും ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.
7. സ്കൂളുകൾ, ട്യൂഷൻ സെന്ററുകൾ, സിനിമ തിയേറ്ററുകൾ എന്നിവയുടെ പ്രവർത്തനം അനുവദിക്കുന്നതല്ല. ഓൺലൈൻ വിദ്യാഭ്യാസം നടത്തുന്നതിന് മാത്രം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാവുന്നതാണ്.
8. ഐ.റ്റി.ഐ കളിൽ "All India Trade Examination" -ൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രാക്ടിക്കൽ ക്ലാസുകൾ നടത്തുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണ്.
9. ഹോട്ടലുകളിലും റിസോർട്ടുകൾ പോലുള്ള താമസ സ്ഥലങ്ങളിലും മറ്റും ബയോ ബബിൾ മാതൃകയിൽ എല്ലാ ദിവസവും താമസസൗകര്യം അനുവദിക്കാവുന്നതാണ്.
10. പൊതുപരിപാടികളോ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ കൂട്ടായ്മകളോ അനുവദിക്കുന്നതല്ല. എന്നാൽ വിവാഹങ്ങളിലും ശവസംസ്കാര ചടങ്ങുകളിലും പരമാവധി 50 പേർക്ക് പങ്കെടുക്കാവുന്നതാണ്. ആരാധനാലയങ്ങളിൽ ഓരോ വ്യക്തിക്കും കുറഞ്ഞത് 25 ചതുരശ്ര അടി സ്ഥലം ഉറപ്പാക്കിക്കൊണ്ട് പരമാവധി 40 പേർക്ക് വരെ പ്രവേശനം അനുവദിക്കാവുന്നതാണ്. സ്ഥലപരിമിതി ഉള്ള ഇടങ്ങളിൽ ആനുപാതികമായി ആളുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.
11. നിയന്ത്രണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ വകുപ്പുകളും ഓൺലൈൻ/ സോഷ്യൽ മീഡിയ കാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതാണ്.

12. എല്ലാ ബന്ധപ്പെട്ട വകുപ്പുകളും ആവശ്യമായ കോവിഡ് പ്രോട്ടോകോൾ എല്ലാ സ്ഥലങ്ങളിലും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിശേഷിച്ചും ഗതാഗതവകുപ്പ് (ബസ് സ്റ്റോപ്പുകൾ, ബസ് ഡിപ്പോകൾ), ഫിഷറീസ് വകുപ്പ് (മത്സ്യമാർക്കറ്റുകൾ, ഹാർബറുകൾ, മത്സ്യ ലേല കേന്ദ്രങ്ങൾ), തദ്ദേശസ്വയംഭരണ വകുപ്പ് (മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ), തൊഴിൽ വകുപ്പ് (ലോഡിങ് അൺ ലോഡിങ് കേന്ദ്രങ്ങൾ), വ്യവസായ വകുപ്പ് (വ്യവസായ സ്ഥാപന മേഖലകൾ, നിർമ്മാണ കേന്ദ്രങ്ങൾ) തുടങ്ങിയ വകുപ്പുകൾ ഇക്കാര്യത്തിനായി ഏകോപിത പ്രവർത്തനം നടത്തേണ്ടതാണ്. നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനായി സെക്ടറൽ മജിസ്ട്രേറ്റുമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
13. കടയ്ക്ക് അകത്തും പുറത്തും തിരക്ക് ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ പോലീസ് വകുപ്പും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രദേശത്തെ വ്യാപാര സംഘടനകളുമായി യോഗങ്ങൾ ചേരേണ്ടതാണ്. തിരക്ക് ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളും, സൗകര്യങ്ങളും കടയുടമകൾ ഒരുക്കേണ്ടതാണ്. ഹോം ഡെലിവറി/ ഓൺലൈൻ ഡെലിവറി എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
14. ഡോമിസിലറി കെയർ സെന്ററുകളിലേക്ക് രോഗികളെ മാറ്റുന്നതിനും, വാർഡ് തലത്തിൽ ഫലപ്രദമായ കോൺടാക്ട് ട്രെയ്സിങ്ങിനും ഹോം ക്വാറന്റൈൻ മോണിറ്ററിങ് ഉൾപ്പെടെയുള്ള നിരീക്ഷണങ്ങൾക്കുമായി വാർഡ് തലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.റ്റി) ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടീമിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമായി ഇൻസിഡന്റ് കമാൻഡർ ആയ തഹസിൽദാർ/ താലൂക്കുതല ചാർജ്ജ് ഓഫീസർമാർ എന്നിവരെ ചുമതലപ്പെടുത്തുന്നു.
15. ജില്ലയിലെ ഷോപ്പിംഗ് മാളുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണ്. കൊവിഡ് നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി മാളുകളുടെ പ്രവേശന കവാടങ്ങളിൽ ജീവനക്കാരെ നിയോഗിക്കേണ്ടതും, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, തെർമൽ സ്കാനിംഗ്, സാമൂഹിക അകലം തുടങ്ങിയ കൊവിഡ് നിയന്ത്രണങ്ങൾ പൂർണ്ണമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ടി ജീവനക്കാരെ ചുമതലപ്പെടുത്തേണ്ടതുമാണ്.
16. ആഘോഷങ്ങൾ/ ഉത്സവ സീസണുകൾ എന്നിവ പ്രമാണിച്ച് വലിയ തോതിൽ ആളുകൾ കൂട്ടം ചേരുന്നത് ഒഴിവാക്കേണ്ടതാണ്.
17. കൊവിഡ് കേസുകൾ വർദ്ധിക്കുന്ന മൈക്രോ കണ്ടെയിൻമെന്റ് മേഖലകളിൽ വ്യാപകമായി കൊവിഡ് പരിശോധനകൾ നടത്തേണ്ടതാണ്.
18. 18 വയസ്സിന് മുകളിലുള്ള വിദ്യാർത്ഥികൾക്കായി റസിഡൻഷ്യൽ മാതൃകയിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങൾ ബയോ-ബബിൾ മാതൃകയിൽ പ്രവർത്തിക്കാവുന്നതാണ്. എല്ലാ വിദ്യാർത്ഥികളും, പരിശീലകർ/ അദ്ധ്യാപകർ/ ജീവനക്കാർ എന്നിവരും നിർബന്ധമായും ഒരു ഡോസ് കോവിഡ് വാക്സിനെങ്കിലും എടുത്തിരിക്കേണ്ടതും, വിദ്യാർത്ഥികൾ/ ജീവനക്കാർ ഒഴികെയുള്ളവർക്ക് ടി സ്ഥാപനങ്ങളിൽ പ്രവേശനം അനുവദിക്കാൻ പാടില്ലാത്തതുമാണ്.
19. ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 17/09/2021 ലെ G.O(Rt)No.1228/2021/H.Edn ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകൾക്ക് 04/10/2021 തീയതി മുതൽ പ്രവർത്തിക്കാവുന്നതാണ്.

20. രണ്ട് ഡോസ് കൊവിഡ് വാക്സിൻ സ്വീകരിച്ചവർക്ക് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ക്ലബ്ബുകൾ, ബാറുകൾ, മുതലായവയുള്ളിൽ ലഭ്യമായ ഇരിപ്പിടങ്ങളുടെ പരമാവധി 50 % വരെ ഉപയോഗപ്പെടുത്തി ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണ്. ടി സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും രണ്ട് ഡോസ് കൊവിഡ് വാക്സിൻ നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ എയർകണ്ടീഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതല്ലാത്തതും, വായുസഞ്ചാരം ഉറപ്പാക്കുന്നതിലേക്കായി വാതിലുകളും ജനാലകളും പരമാവധി തുറന്നു വയ്ക്കേണ്ടതുമാണ്.
21. രണ്ട് ഡോസ് കൊവിഡ് വാക്സിൻ സ്വീകരിച്ചവർക്ക് മാത്രമായി ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ എന്നിവ തുറന്നു നൽകാവുന്നതാണ്. ഇവിടങ്ങളിലെ എല്ലാ ജീവനക്കാരും രണ്ട് ഡോസ് കൊവിഡ് വാക്സിൻ നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്.
22. 18 വയസ്സിൽ താഴെയുള്ളവർ നിലവിൽ കൊവിഡ് വാക്സിനേഷന് അർഹരല്ലാത്ത സാഹചര്യത്തിൽ മേൽ ഖണ്ഡിക 20, 21 എന്നിവയിൽ പ്രതിപാദിക്കുന്ന സ്ഥാപനങ്ങളിൽ പ്രവേശിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ടിയാളുകൾക്ക് ബാധകമായിരിക്കുന്നതല്ല
23. കോളേജുകൾ/ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവയിലെ രണ്ട് ഡോസ് കോവിഡ്-19 വാക്സിൻ സ്വീകരിച്ച വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള റെഗുലർ ക്ലാസുകൾ/ ട്രെയിനിംഗുകൾ 18-10-2021 മുതൽ ആരംഭിക്കാവുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/ട്രെയിനേഴ്സ്/ മറ്റ് ജീവനക്കാർ എന്നിവർ രണ്ട് ഡോസ് കോവിഡ്-19 വാക്സിൻ സ്വീകരിച്ചവരായിരിക്കണം.
24. സിനിമാ തീയേറ്റർ, ഓഡിറ്റോറിയം, ഇൻഡോർ ഓഡിറ്റോറിയം എന്നിവ സീറ്റിംഗ് കപ്പാസിറ്റിയുടെ പരമാവധി 50% ആളുകളെ (രണ്ട് ഡോസ് കോവിഡ്-19 വാക്സിൻ സ്വീകരിച്ചവർ മാത്രം) പങ്കെടുപ്പിച്ച് കൊണ്ട് 25-10-2021 മുതൽ പ്രവർത്തിക്കാവുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ട് ഡോസ് കോവിഡ്-19 വാക്സിൻ സ്വീകരിച്ചവരായിരിക്കണം.
25. ജില്ലയിലെ സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസുവരെയും, 10-ാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നടത്തുന്നതിന് 01-11-2021 മുതൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാവുന്നതാണ്. പ്രസ്തുത സ്കൂളുകളിലെ പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/ മറ്റ് ജീവനക്കാർ/ തൊഴിലാളികൾ എന്നിവർ രണ്ട് ഡോസ് കോവിഡ്-19 വാക്സിൻ സ്വീകരിച്ചവരായിരിക്കണം. ഇത് സംബന്ധിച്ച പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മാർഗ്ഗനിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതുമാണ്.
26. പ്രീ മെട്രിക് ഹോസ്റ്റൽ , മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയും 01-11-2021 മുതൽ തുറന്നു പ്രവർത്തിക്കാവുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ ബയോ-ബബിൾ മാതൃകയിൽ പ്രവർത്തിക്കേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവരായിരിക്കണം. സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മാർഗ്ഗനിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതുമാണ്.
27. ജില്ലയിലെ സ്ഥാപനങ്ങളിൽ പ്രവേശിക്കുന്നതിന് കോവിഡ് -19 നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതിന്റെ ആവശ്യകത നിർബന്ധിതമാകുന്നിടത്തെല്ലാം ഇനിമുതൽ അത്തരം ആവശ്യങ്ങൾക്ക് കോവിഡ് -19 വാക്സിൻറെ രണ്ട് ഡോസിന്റെ സർട്ടിഫിക്കറ്റ് മാത്രം മതിയാകുന്നതാണ്.

അന്തർ സംസ്ഥാന യാത്രകളിൽ ഉൾപ്പെടെ രണ്ട് ഡോസ് കോവിഡ് വാക്സിനു സ്വീകരിച്ചവർക്ക് ആർ.റ്റി.പി.സി.ആർ നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമല്ലായെന്നും ഇത്തരം ആളുകൾ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചതിന്റെ സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവശം കരുതേണ്ടതാണെന്നും എന്നാൽ കോവിഡ് രോഗലക്ഷണങ്ങൾ ഉള്ളവർ ആർ.റ്റി.പി.സി.ആർ നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവശം കരുതേണ്ടതാണെന്നും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

കോവിഡ് രോഗികളുടെ പ്രാഥമിക സമ്പർക്ക പട്ടികയിലുള്ളവരുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും അവരുടെ ക്വാറന്റൈൻ ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ക്വാറന്റൈനിലുള്ള ആളുകൾ പാലിക്കേണ്ട കാര്യങ്ങളും അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും അയൽപക്ക സമിതികൾ/ വാർഡുതല ജാഗ്രത സമിതികൾ/ റാപ്പിഡ് റെസ്പോൺസ് ടീം എന്നിവർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഇത് സംബന്ധിച്ച പരാമർശം (7) ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള നിശ്ചിത പ്രഫോർമയിലുള്ള താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെട്ട പ്രതിദിന പ്രഫോർമ റിപ്പോർട്ട് എല്ലാ ദിവസവും 3.00 പി.എം മണിക്ക് മുമ്പായി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്/ റീജിണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി എന്നിവർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

1. കോവിഡ് -19 ബാധിച്ച് ക്വാറന്റൈനിലുള്ളവരുടെ ആകെ എണ്ണം.
2. സമ്പർക്കംമൂലം ക്വാറന്റൈനിലുള്ളവരുടെ ആകെ എണ്ണം.
3. കണ്ടെയിൻമെന്റ്, മൈക്രോ കണ്ടെയിൻമെന്റ് മേഖലകളുടെ എണ്ണം.
4. ക്വാറന്റൈൻ ലംഘിച്ചതു മൂലം പിഴ ഈടാക്കിയ കേസുകളുടെ എണ്ണം.
5. ക്വാറന്റൈൻ ലംഘിച്ചതുമൂലം നിർബന്ധിത ക്വാറന്റൈനിൽ പ്രവേശിപ്പിച്ചവരുടെ വിവരം.
6. ആവശ്യ വസ്തുകളും മരുന്നുകളും വിതരണം ചെയ്തിട്ടുള്ള വീടുകളുടെ എണ്ണം.

ഈ ഉത്തരവ് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ജില്ലാ പോലീസ് മേധാവി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, തഹസിൽദാർമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, സെക്ടർ മജിസ്ട്രേറ്റ്മാർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

മേൽ ഉത്തരവ് പാലിക്കാത്തവർക്കെതിരെ പകർച്ചവ്യാധി നിയന്ത്രണ നിയമം 2021, ഇൻഡ്യൻ ശിക്ഷാ നിയമം 188, 269 എന്നീ വകുപ്പുകൾ പ്രകാരവും ദുരന്തനിവാരണ നിയമം 2005 പ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ഈ ഉത്തരവിന് 17.10.2021 തീയതി 00:00 മണി മുതൽ 23.10.2021 തീയതി 23:59 മണി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർപേഴ്സൺ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ വികസന കമ്മീഷണർ, ഇടുക്കി
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി

4. റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഇടുക്കി
5. സബ് കളക്ടർ, ദേവികുളം/ ഇടുക്കി
6. എല്ലാ താലൂക്ക് തല ചാർജ്ജ് ഓഫീസർമാർക്കും
7. എല്ലാ തഹസിൽദാർമാർക്കും.
8. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
9. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (തഹസിൽദാർമാർ മുഖേന)
10. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡിഡിപി മുഖേന)
11. എല്ലാ വില്ലേജ് ഓഫീസർമാർക്കും (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി.
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്

| Grama panchayath Wards - WIPR - Over 10 - Idukki | | | | | |
|---|---|---|---|---|---|
| Sl # | LSGD | Ward No | No. of Positive | Population | WIPR |
| 1 | ADIMALI | 5 | 20 | 1631 | 12.26 |
| 2 | ADIMALI | 15 | 36 | 2563 | 14.05 |
| 3 | ADIMALI | 21 | 20 | 1460 | 13.70 |
| 4 | PALLIVASAL | 10 | 18 | 1379 | 13.05 |
| 5 | VELLATHOOVAL | 4 | 22 | 1618 | 13.60 |
| 6 | VELLATHOOVAL | 6 | 19 | 1582 | 12.01 |
| 7 | VELLATHOOVAL | 9 | 17 | 1372 | 12.39 |
| 8 | KANCHIYAR | 2 | 16 | 1552 | 10.31 |
| 9 | KANCHIYAR | 16 | 17 | 1513 | 11.24 |
| 10 | AYYAPPANCOIL | 3 | 15 | 1377 | 10.89 |
| 11 | AYYAPPANCOIL | 6 | 13 | 1237 | 10.51 |
| 12 | KONNATHADY | 14 | 17 | 1681 | 10.11 |
| 13 | IDUKKI-KANJIKUZH | 4 | 19 | 1350 | 14.07 |
| 14 | UPPUTHARA | 5 | 21 | 1752 | 11.99 |
| 15 | PERUVANTHANAM | 8 | 19 | 939 | 20.23 |
| 16 | MANAKKAD | 9 | 12 | 1097 | 10.94 |
| 17 | VANNAPPURAM | 8 | 22 | 1692 | 13.00 |
| 18 | VANNAPPURAM | 11 | 20 | 1909 | 10.48 |
| 19 | VANNAPPURAM | 13 | 21 | 1921 | 10.93 |
| 20 | ARAKULAM | 11 | 6 | 597 | 10.05 |
| 21 | KARIMANNOOR | 1 | 20 | 1578 | 12.67 |
| 22 | KARIMANNOOR | 5 | 14 | 1291 | 10.84 |
| 23 | KUDAYATHOOR | 9 | 12 | 1187 | 10.11 |
| 24 | RAJAKKAD | 11 | 12 | 1190 | 10.08 |
| 25 | ERATTAYAR | 5 | 16 | 1520 | 10.53 |
| 26 | BAISONVALLEY | 4 | 13 | 1278 | 10.17 |
| 27 | CHAKKUPALLAM | 1 | 13 | 1253 | 10.38 |

| Municipality Wards - WIPR - Over 10 - Idukki | | | | | |
|---|---|---|---|---|---|
| Sl # | Municipality | Ward No | No. of Positive | Population | WIPR |
| 1 | KATTAPPANA | 21 | 13 | 1173 | 11.08 |
| 2 | THODUPUZHA | 10 | 27 | 1510 | 17.88 |